**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6715** **11-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികളുടെ ഭക്ഷണത്തിനുള്ള ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികളുടെ ഭക്ഷണത്തിനുള്ള സർക്കാർ ഗ്രാന്റ് വർദ്ധന നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | നിശ്ചയിച്ചിട്ടുണ്ട്. 500 ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ, 151 മുതൽ 500 വരെ (കുട്ടികൾ) പഠിക്കുന്ന സ്കൂൾ, 150 വരെ കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്നിവിടങ്ങളില ഒരു കുട്ടിക്ക് പ്രതിദിനം യഥാക്രമം 6, 7, 8 രൂപ എന്നീ നിരക്കുകളിലാണ് തുക അനുവദിച്ചിരുന്നത്. ഇപ്രകാരം അനുവദിച്ചിരുന്ന തുകയിൽ സപ്ലിമെന്ററി ന്യൂട്രീഷനുള്ള (പാൽ, മുട്ട എന്നിവ നൽകുന്നതിനുള്ള പദ്ധതി) ചിലവുകളും ഉൾപ്പെട്ടിരുന്നു. എന്നാൽ<br><br>സപ്ലിമെന്ററി ന്യൂട്രീഷൻ ഒഴികെയുള്ള ചിലവുകൾക്ക്, അതായത് ഉച്ചഭക്ഷണം നൽകുന്നതിന് മാത്രമായി കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ (പ്രൈമറി വിഭാഗം), 8.17 രൂപ (അപ്പർ പ്രൈമറി വിഭാഗം) എന്നീ നിരക്കുകളിൽ തുക പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നം. 3676/2024/പൊ.വി.വ തീയതി 07.06.2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ